**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY**

# സബ്ജക്റ്റ് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

**2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

**2018 ജൂൺ 18-ാം തീയതി സമർപ്പിച്ചത്**

**(Presented on 18th June 2018)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

**2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1051/2018.

# ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി

ഡോ. എം. കെ. മുനീർ *

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

---

* 2017 ജൂൺ 12-ലെ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം സബ്ജക്റ്റ് കമ്മിറ്റി XIV-ലെ അംഗമായി നാമനിർദ്ദേശം ചെയ്തു.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ)-ന്റെ രണ്ടാമത് റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 7-5-2018, 12-6-2018 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും, രണ്ടാം ഭാഗത്തിൽ മറുപടി ലഭിയ്ക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2018 ജൂൺ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പിണറായി വിജയൻ,

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2018 ജൂൺ 12.

# റിപ്പോർട്ട്

## ഭാഗം I

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

### ശിപാർശ

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മുൻവർഷത്തെ നിരവധി ക്ലെയിമുകൾ അനുവദിച്ച് നൽകേണ്ടതുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച 40 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം ചെയ്യുകയും 14,76,314 രൂപ തിരിച്ചടയ്ക്കുകയും ചെയ്തു.

### ശിപാർശ

2013-00-108-99—സഞ്ചാര ചെലവുകൾ

04-1—യാത്രാ ബത്ത

മുൻ സാമ്പത്തിക വർഷത്തെ 50 ലക്ഷം രൂപയുടെ ബില്ലുകൾ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച 2 കോടി രൂപയിൽ 5698523 രൂപ തിരിച്ചടച്ചു

ശിപാർശ

2052-00-090-99—<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ 05-03 ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 30 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 8 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

05-03 ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 18 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 14 ലക്ഷം രൂപയും അധികം അനുവദിച്ചു.

ശിപാർശ

2052-00-090-94—<u>പാക്കിസ്ഥാനിലേയും മറ്റു വിദേശ രാജ്യങ്ങളിലേയും പൗരന്മാരെ സംബന്ധിച്ച ഏജൻസി ജോലികൾ</u>

01-4—<u>മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

2016-17 വർഷം 22,356 രൂപ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.ആയതിനാൽ 20,000 രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2052-00-090-72—<u>കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസുകളും</u> .

01—<u>ശമ്പളം</u>

നിലവിലുള്ള എം. പി. മാരുടെ പേഴ്സണൽ സ്റ്റാഫിന് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടതു കണക്കിലെടുത്ത് 13 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

02—<u>വേതനം</u>

എം.പി.മാരുടെ ഡ്രൈവർമാരുടെ ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 1511734/ബി.ഡബ്ല്യു2/17/പൊ.ഭ.വ. തീയതി 11-6-2018)

<u>ശിപാർശ</u>

2052-00-090-73—<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

36—<u>സഹായധനം</u>

നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,43,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ കണ്ടെത്തുന്നതിന് പദ്ധതിയേതര സഹായമായാണ് (Non Plan) വിഹിതം അനുവദിക്കുന്നത് എന്നും പദ്ധതിയേതര (Non Plan) സഹായത്തിനുള്ളിൽ (Grant-in-aid) നിന്നും പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കേണ്ടതാണെന്നും സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതി കഴിഞ്ഞിട്ടും 2017-18-ലെ ബഡ്ജറ്റ് വിഹിതത്തിന്റെ ഉപയോഗത്തിൽ പുരോഗതി ദൃശ്യമല്ലാത്തതിനാൽ പദ്ധതിയേതര സഹായത്തിന് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്നും കൂടുതൽ മേഖലകളിലേക്ക് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനനുസൃതമായി പദ്ധതി വിഹിതം ലഭിക്കുന്നതിന്

സംസ്ഥാന പ്ലാനിങ് ബോർഡിൽ പദ്ധതി നിർദ്ദേശങ്ങൾ സമയ ബന്ധിതമായി സമർപ്പിക്കേണ്ട താണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തന പദ്ധതികളൊന്നും ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലില്ലാത്തതിനാൽ പ്ലാൻ ഫണ്ട് ആവശ്യമായ എന്തെങ്കിലും പ്രവർത്തനപദ്ധതികൾ പുതുതായി വിഭാവനം ചെയ്യാൻ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ സർക്കാറിനെക്കൂടി അറിയിച്ചുകൊണ്ട് അതിനനുസൃതമായി പദ്ധതി വിഹിതം ലഭിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിൽ നിർദ്ദേശങ്ങൾ സമയ ബന്ധിതമായി സമർപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ ഉപയോഗത്തിൽ പുരോഗതിയില്ലാത്തതിനാൽ പദ്ധതിയേതര സഹായത്തിന് 1,43,50,000 രൂപകൂടി അധികമായി അനുവദിക്കുന്നതിനുള്ള വിഷയ നിർണ്ണയസമിതിയുടെ ശിപാർശ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ പാ.ക.വഎ 2/48/17/പാ.കാ.വ. തീയതി 28-4-2018)

ശിപാർശ

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്

നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7,80,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'മികവിന്റെ കേന്ദ്രത്തിന്' [Centre for Excellence in Administrative Secretariat (CEAS)]2017-18 സാമ്പത്തിക വർഷത്തിൽ സ്വന്തമായി പരിശീലന ഹാൾ ലഭ്യമായിരുന്നില്ല. സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. അതിനാൽ ഉദ്ദേശിച്ച രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ സാധിച്ചില്ല. പരിശീലന ഹാളിന്റെ ലഭ്യതക്കുറവുമൂലം ടി വർഷത്തെ ബഡ്ജറ്റ് വിഹിതമായ 4.40 ലക്ഷം രൂപ 2018 മാർച്ച് മാസത്തിലാണ് പൂർണ്ണമായി വിനിയോഗിച്ച് തീർത്തത്. അതിനാൽ അധികതുകയ്ക്കുള്ള ശിപാർശ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ.ആർ.-11-1/5/2017/ഉ.ഭ .പ .വ., തീയതി 4-5-2018)

ശിപാർശ

2251-00-090-99—സെക്രട്ടേറിയറ്റ്

01-04—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മുൻ സാമ്പത്തിക വർഷത്തെ 5 ലക്ഷം രൂപയുടെ ബില്ലുകൾ കടിശ്ശികയായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

7 ലക്ഷം രൂപ അധികമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 1511734/ബി.ഡബ്ല്യു2/17/പൊ.ഭ.വ., തീയതി 11-6-2018)

ശിപാർശ

3451-00-101-69—സംസ്ഥാന പരിശീലനനയം - പരിശീലന പരിപാടി (പദ്ധതി)

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 2017-18 വർഷത്തിൽ ആകെ 18 ദിവസം വീതം ദൈർഘ്യമുള്ള 15 പരിശീലന പരിപാടികൾ ഇൻഡക്ഷൻ പരിശീലനത്തിന്റെ കീഴിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി ആയതിനാൽ 19,08,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 17)

ശിപാർശ

3451-00-090-91—സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൊതുഫണ്ട് (പദ്ധതി)

സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൂൾഡ് ഫണ്ട് (പ്ലാൻ) എന്ന ശീർഷകത്തിൽ ആരംഭിച്ചിട്ടുള്ള ഫണ്ടിൽ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പുകൾക്ക് പരിശീലന സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് വിവിധ വകുപ്പുകളുടെ പരിശീലന സ്ഥാപനങ്ങൾക്കായി 7 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

ശിപാർശ

2070-00-003-97 —ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 — സഹായധനം -ശമ്പളേതരം (പദ്ധതി)

ഐ.എം.ജി. തിരുവനന്തപുരത്തും, കൊച്ചിയിലും, കോഴിക്കോട്ടുമുള്ള മേഖലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യവും, പരിശീലന ഉപകരണങ്ങളും മെച്ചപ്പെടുത്തുകയും, വാങ്ങുകയും ചെയ്യുക, പുതിയ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22,98,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

ശിപാർശ

2070-00-003-97-31— സഹായധനം-ശമ്പളം

ശമ്പളവും മറ്റ് ആനുകൂല്യങ്ങളായ ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ്, യാത്രാബത്ത, പേ റിവിഷൻ കടിശ്ശിക തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,93,35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡിക 17, 18, 102, 103 എന്നീ ശിപാർശകളിന്മേൽ ഐ.എം.ജി. പുതുതായി പ്രൊപ്പോസൽ ഒന്നും ലഭ്യമാക്കിയിരുന്നില്ല. 2017-18 സാമ്പത്തിക വർഷത്തെ അവസാന ഗഡു ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ പ്രകാരം ഐ.എം.ജി.യെ സംബന്ധിക്കുന്ന 4 ശീർഷകങ്ങളിലായി (സമിതിയുടെ റിപ്പോർട്ടിലെ ഖണ്ഡിക 17, 18, 102, 103-ൽ പരാമർശിക്കുന്ന ശീർഷകങ്ങൾ) സമയപരിധി കഴിഞ്ഞതിനാലും 2017- 18 സാമ്പത്തിക വർഷത്തെ അവസാന ഗഡു ഉപധനാഭ്യർത്ഥനയ്ക്കുള്ള എസ്റ്റിമേറ്റ്സ് പൂർത്തിയായതിനാലും അധികവിഹിതത്തിന് വേണ്ടി ഐ.എം.ജി. നൽകിയിരുന്ന പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 50/എ.ആർ.-13(1)/17/ഉ. ഭ. പ. വ.,തീയതി 11-5-2018)

ശിപാർശ

2014-00-116-99 —കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | .. | 2,87,000 രൂപ |
| 04-1-യാത്രാബത്ത | .. | 3,00,000 രൂപ |
| 05-3-ടെലഫോൺ ചെലവ് | .. | 2,00,000 രൂപ |
| 05-4- മറ്റിനങ്ങൾ | .. | 1,85,000 രൂപ |

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2014-00-116-99-01-4 ശീർഷകത്തിൽ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ G.O.(Rt.) No.8137/2017/Fin., dated 28-10-2017 ഉത്തരവ് പ്രകാരം 2,87,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഇതിനപുറമെ ഈ ഇനത്തിൽ G.O.(Rt.) No.9554/2017/Fin., dated 22-12-2017 ഉത്തരവ് പ്രകാരം 4,00,000 രൂപ കൂടി അനുവദിച്ചിരുന്നു.

G.O.(Rt.) No.9554/2017/Fin., dated 22-12-2017 ഉത്തരവ് പ്രകാരം 2014-00-116-99-01-4 ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 75,000 രൂപ അധികമായി അനുവദിച്ചിരുന്നു. ആയത് പര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല

2014-00-116-99-05-3 ശീർഷകത്തിൽ ടെലഫോൺ ചെലവിലേയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല

2014-00-116-99-05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ എ.ആർ.-12(2)/42/ 2017/ ഉ. ഭ .പ. വ., തീയതി 27-4-2018)

ശിപാർശ

2062-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം (പദ്ധതി)

ഒരു കോടി രൂപയ്ക്ക് മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ്

അവാർഡ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1.15 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല .

<u>ശിപാർശ</u>

2062-00-104-99 —<u>വിജിലൻസ്</u>

05-4—<u>മറ്റിനങ്ങൾ</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20-11-2017 ലെ സ.ഉ.(സാധാ)8716/17/ധന സർക്കാർ ഉത്തരവ് അനുസരിച്ച് 05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിനുപുറമേ 27-3-2018-ലെ സ.ഉ.(സാധാ.)2696/18/ധന. അനുസരിച്ച് 1 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

06—<u>വാടക, കരം, നികുതി</u>

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY, MVPZA തുടങ്ങിയ ഓഫീസുകളിലെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20-11-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 8716/17/ധന നമ്പർ ഉത്തരവ് പ്രകാരം 15,00,000 (പതിനഞ്ച് ലക്ഷം) (നോൺ പ്ലാൻ) രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

04-2—സ്ഥലംമാറ്റബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

20-11-2017-ലെ സ.ഉ.(സാധാ.) 8716/17/ധന. അനുസരിച്ച് 04-02-സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിൽ 2,00,000 രൂപ അനുവദിക്കുകയുണ്ടായി. ഇതിനുപുറമേ 3-3-2018-ലെ സ.ഉ.(സാധാ.1631/2018/ധന. സർക്കാർ ഉത്തരവ് അനുസരിച്ച് ഈ ശീർഷകത്തിൽ 1 ലക്ഷം രൂപയും 6-3-2018-ലെ സ.ഉ.(സാധാ.) 1694/2018/ധന. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് 1,50,000 രൂപയും ഉൾപ്പെടെ ആകെ 4,50,000 (നാലര ലക്ഷം രൂപ) കൂടി ഈ ശീർഷകത്തിൽ അധികം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

ഓഫീസ് ഷിഫ്റ്റിംഗ് ചാർജ്, സാക്ഷിപ്പടി കടിശ്ശിക, ജേർണൽ ബൈൻഡിംഗ് ചാർജ് എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

19-12-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 9448/17/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം 2062-105-94-05-(4) ഓഫീസ് ചെലവുകൾ (മറ്റിനങ്ങൾ) എന്ന ഹെഡിൽ 75,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-105-97— എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർവൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2062 -00- 105-99—<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 7,51,380 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

7-2-2017-ലെ സ.ഉ.(സാധാ.)ഉത്തരവ് 7618/ധന. അനുസരിച്ച് 6,52,000 രൂപ (ആറുലക്ഷത്തി അൻപത്തിരണ്ടായിരം രൂപ) 2062-00-105-99 എന്ന ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2062-00-103-99—<u>കേരള ലോകായുക്ത</u>

04—<u>യാത്രാചെലവുകൾ —4 അവധി യാത്രാനുകൂല്യം</u>

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

24-8-2018 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6648/2017/ധന., 30-10-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 8181/2017/ധന., 15-3-2018 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 2036/2018/ധന. എന്നിവ പ്രകാരം 2062-00-103-99-04-4 അവധി യാത്രാനുകൂല്യം എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 6,10,000 രൂപ അധികമായി (3 ലക്ഷംരൂപ + 3 ലക്ഷംരൂപ + 10,000 രൂപ) അനുവദിച്ചിട്ടുണ്ട്. 24-8-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6648/2017/ധന. പ്രകാരം 2062-00-103-99-04-2

സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപയും 29-11-2017 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 8926/2017/ധന., 15-3-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2036/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം 2062-00-103-99-01-4-MRI എന്ന ശീർഷകത്തിൽ 5,42,000 രൂപയും (3,77,000+1,65,000) 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

06 —വാടക, കരം, നികുതി

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകകയില്ലാത്തതിനാൽ 36 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

24-8-2018 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6648/2017/ധന., 30-10-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 8181/2017/ധന., 15-3-2018 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 2036/2018/ധന. എന്നിവ പ്രകാരം 2062-00-103-99-04-4 അവധി യാത്രാനുകൂല്യം എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 6,10,000 രൂപ അധികമായി (3 ലക്ഷംരൂപ + 3 ലക്ഷംരൂപ + 10,000 രൂപ) അനുവദിച്ചിട്ടുണ്ട്. 24-8-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6648/2017/ധന. പ്രകാരം 2062-00-103-99-04-2 സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപയും 29-11-2017 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 8926/2017/ധന., 15-3-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2036/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം 2062-00-103-99-01-4-MRI എന്ന ശീർഷകത്തിൽ 5,42,000 രൂപയും (3,77,000+1,65,000) 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

21 —1 വാഹനം വാങ്ങൽ

ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഖണ്ഡിക 84-93 സർക്കാർ കത്ത് നമ്പർ 110/സി3/2018/വിജി.,തീയതി 30-4-2018)

ശിപാർശ

2056-00-001-89 —സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ 3 സെൻട്രൽ ജയിലുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 2 കോടി 30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി രൂപ 2016-17 SDG ഫൈനൽ ബാച്ച് മുഖേന വകയിരുത്തി യിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1,30,00,000 രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2056-00-001-89 സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ എന്ന ശീർഷകത്തിൽ 1,000 രൂപയാണ് വകയിരുത്തിയിരുന്നത്. 3 സെൻട്രൽ ജയിലുകൾ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി 1,30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെന്നും മൂന്ന് സെൻട്രൽ ജയിലുകളിലും ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയാണെന്നും ടി തുക അനുവദിക്കു ന്നതിനായി അഡീഷണൽ ഓഥറൈസേഷൻ മുഖേന പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

ശിപാർശ

2056-00-001-99 —ജയിലുകൾ

34 —മറ്റു ചെലവുകൾ —3 മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാ ചെലവുകൾ, മരുന്ന് എന്നിവയുടെ ചെലവ് വഹിക്കുന്ന ടി ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അഭാവത്താൽ 2 കോടി രൂപയുടെ ബില്ലുകൾ പെൻഡിംഗിലാണ്. തടവുകാരുടെ വേതനം 2-3-2016 തീയതിയിലെ 78/16/ആഭ്യന്തരം എന്ന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചതുമൂലവും തടവുകാരുടെ ചികിത്സാചെലവ്, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവുമൂലവും ടി ശീർഷകത്തിൽ അധിക തുക ആവശ്യമായിവരുന്നു. കൂടാതെ 3 സെൻട്രൽ ജയിലുകളിലും 3 ജില്ലാ ജയിലുകളിലും സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. സംവിധാനത്തിന്റെ

വാർഷിക മെയിന്റനൻസ് കരാറിന് നൽകവാനുള്ള 1 കോടി 50 ലക്ഷം രൂപകൂടി ടി ശീർഷകത്തിൽനിന്നും ചെലവ് വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകത്തിൽ 10,00,00,000 രൂപ വകയിരുത്തിയിരുന്നു. തടവുകാരുടെ വേതനം പരിഷ്കരിച്ചതുമൂലവും തടവുകാരുടെ ചികത്സാചെലവ്, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവുമൂലം ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നുവെന്നും 3 സെൻട്രൽ ജയിലുകളിലും 3 ജില്ലാ ജയിലുകളിലും സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. സംവിധാനത്തിന്റെ വാർഷിക മെയിന്റനൻസ് കരാറിന് നല്കുവാനുള്ള 1,50,00,000 രൂപ കൂടി ടി ശീർഷകത്തിൽ നിന്നും ചെലവ് വഹിക്കേണ്ടതിനാൽ ടി ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരിക്കുന്നു. ടി ശീർഷകത്തിൽ 7,00,00,000 രൂപ അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ G.O(Rt.) No. 9133/2017/Fin., Dated 7-12-2017 പ്രകാരം ടി തുക അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

56 —<u>ഭക്ഷണവും ധനസഹായവും</u>

ജയിലുകളിൽ ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കിയതോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം ബി.പി.എൽ. നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയ്ക്ക് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്ന തിനാലും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും ആഹാര സാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവും മൂലമുണ്ടാകുന്ന ചെലവും കണക്കാക്കുമ്പോൾ അധിക തുകയായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകത്തിൽ 22,00,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ജയിലുകളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം ബി.പി.എൽ. നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയ്ക്ക് റേഷൻ സാധനങ്ങൾ വാങ്ങേണ്ടി വരുന്നതിനാലും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന

വർദ്ധനവും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവും കാരണം ടി ശീർഷകത്തിൽ അധിക തുകയായ 6,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരിക്കുന്നു. ടി ശീർഷകത്തിൽ 5,00,00,000 രൂപ G.O.(Rt.) No.9133/2017/Fin., Dated 7-12-2017 പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

<u>ശിപാർശ</u>

2056-00-001-98 —<u>ജയിലുകൾ നവീകരിക്കുന്നതിന്</u> (പദ്ധതി)

ഓഫീസ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം (iAPS) ജയിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകത്തിൽ 1,00,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഓഫീസ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും ഇ -ഫയൽ മാനേജ് മെന്റ് സംവിധാനം (iAPS) ജയിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിനായി ടി ശീർഷകത്തിൽ 40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരിക്കുന്നു. 9-10-2007-ലെ സ. ഉ. (സാധാ.) നമ്പർ 7575/2017/ധന. ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ 40,00,000 രൂപ അനുവദിച്ച് ഉത്തരവായിരുന്നു.

(ഖണ്ഡിക 94-97 സർക്കാർ കത്ത് നമ്പർ ബി2/256/ഡി3/2017/ആഭ്യന്തരം, തീയതി 16-11-2018)

<u>ശിപാർശ</u>

2070-00-119-97— <u>ഭരണഭാഷ നടപ്പാക്കൽ</u>

34 —<u>മറ്റു ചെലവുകൾ—3 മറ്റിനം</u>

സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഔദ്യോഗിക ഭാഷാ വകുപ്പ് നേരിട്ട് നടത്തുന്ന പരിശീലന പദ്ധതിയ്ക്കായി 1 കോടി രൂപയും, മലയാളം കമ്പ്യൂട്ടിഗ് പരിശീലനത്തിനായി 2 കോടി രൂപയും ഭരണഭാഷാവബോധ പരിപാടിക്കും മറ്റ് ഭാഷാമാറ്റ പ്രവർത്തനങ്ങൾക്കുമായി 50 ലക്ഷം രൂപയും ചേർത്ത് ആകെ 3.5 കോടി രൂപ വകയിരുത്തുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം "2070-00-119-97-34- മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ 9-6-2017-ലെ ഉ.(സാധാ.) നമ്പർ 4756/2017/ധന. ഉത്തരവ് പ്രകാരം 3.5 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഔ.ഭാ.1/57/2017/ഉ. പ .ഭ .വ., തീയതി 25-11-2017)

<u>ശിപാർശ</u>

3425-60-200-71 —<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ -ധനസഹായം</u> (പദ്ധതിയേതരം)

കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും, ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14,47,12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/134/2018/ശാ.സാ.വ., തീയതി 30-5-2018)

<u>ശിപാർശ</u>

3425-60-200-71 —<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ -</u> (പദ്ധതി)

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, കൗൺസിലിനു കീഴിലെ ഗവേഷണ സ്ഥാപനങ്ങൾക്കായും, കൗൺസിൽ നേരിട്ട് നടത്തുന്ന പരിപാടികൾക്കുമായി 1,32,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/134/2018/ശാ.സാ.വ., തീയതി 30-5-2018)

ശിപാർശ

2230-01-103-28—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതിയതായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന് നോൺ പ്ലാൻ ഇനത്തിൽ 2017-18 ബഡ്ജറ്റിൽ 10 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതുകൂടാതെ കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതിയതായി നിയമിതരായ ഉദ്യോഗസ്ഥർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും, കമ്മീഷൻ ചെയർമാന് വാഹനം വാങ്ങുന്നതിനുമായി 2017-18 സാമ്പത്തിക വർഷം 70.26 ലക്ഷം രൂപ കൂടി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ 2230-01-103-28 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ബി.1/217/2017/നോർക്ക തീയതി 8-5-2018)

ഭാഗം-2

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ ആകെ 129 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 32 ശിപാർശ കൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു 97 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| ശിപാർശ/ഖണ്ഡിക നമ്പർ | വകുപ്പ് |
|---|---|
| 3, 4, 9 | പൊതുഭരണ വകുപ്പ് |
| 12, 14, 19, 20, 21, 104 | നിയമ വകുപ്പ് |
| 15, 16, 120, 121, 122, 123 | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് |
| 23, 24, 25, 26, 27, 28, 29,30.<br>35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 56, 57, 58, 59, 60, 61, 62, 63, 64, 65, 66, 67, 68, 69, 70, 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82, 83.<br>105, 106, 107, 108, 109, 110, 111, 112, 113 | ആഭ്യന്തര വകുപ്പ് |
| 31, 32, 33, 34 | ഇലക്ഷൻ വകുപ്പ് |
| 98, 99, 100, 114 | ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 117, 118 | വിവരപൊതുജന സമ്പർക്ക വകുപ്പ് |
| 124, 125, 126, 127 | ഗതാഗത (വ്യോമയാന)വകുപ്പ് |
| പൊതു ശിപാർശ 1, 2 | ആഭ്യന്തര (സി) വകുപ്പ് |

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി - XIV.*

തിരുവനന്തപുരം,
2018 ജൂൺ 12.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.